11084
31/8/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളുടെ പരസ്യപ്രചരണം മാതൃഭൂമി Club FM വഴി നടത്തുന്നത് - പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.533/2015/സാനീവ തിരുവനന്തപുരം, തീയതി 20.08.2015

=====================================================================

പരാമർശം : (1) 8.06.2015 ലെ ജി.ഒ (ആർ.റ്റി) 346/15/സാനീവ നമ്പർ ഉത്തരവ്.

(2) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 13.07.2015 - ലെ ജി3-12099/15 നം. കത്ത്

ഉത്തരവ്

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളും സേവനങ്ങളും ജനങ്ങളിലേയ്ക്ക് കൂടുതൽ ഫലപ്രദമായി എത്തിക്കുന്നതിന് മാതൃഭൂമി Club FM വഴി പരസ്യപ്രചരണം നടത്തുന്നതിനായി 20,93,267/- രൂപ ചെലവഴിക്കുന്നതിന് അനുമതി പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം നൽകിയിരുന്നു. എന്നാൽ 1.06.2015 മുതൽ സർവ്വീസ് ടാക്സ് 12.36% - ൽ നിന്ന് 14% മായി വർദ്ധിപ്പിച്ചതിനാൽ അധികമായി 30,553/- രൂപ ആവശ്യമുണ്ടെന്നും ആയത് കൂടി ഉൾപ്പെടുത്തി ആകെ 21,23,820/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകണമെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കുന്നതിനായി മാതൃഭൂമി ക്ലബ് എഫ്.എം വഴി പരസ്യപ്രചരണം നടത്തുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി ആകെ 21,23,820/- രൂപ (ഇരുപത്തി ഒന്ന് ലക്ഷത്തി ഇരുപത്തിമൂവായിരത്തി എണ്ണൂറ്റി ഇരുപത് രൂപ മാത്രം) 2235-02-001-93 (പ്ലാൻ) ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
(വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ